# പെരിയാറിന്റെ തീരത്തു തെളിഞ്ഞ
# പുണ്യദീപം - ദൈവദാസി ഏലീശ്വാമ്മ

കേരളക്കരയിലെ പ്രഥമ സന്ന്യാസിനിയും സഭാസ്ഥാപകയും
ചരമശതാബ്ദി (1913-2013)

### 1. വൈപ്പിൻ കരയുടെ ഭദ്രദീപം

കൊച്ചി നഗരത്തോടു ചേർന്ന് അറബിക്കടലിന്റെ തിരമാലകളാൽ തഴുകപ്പെട്ടുകിടക്കുന്ന ദ്വീപാണ് വൈപ്പിൻ. വൈപ്പിൻ കരയിൽ വരാപ്പുഴ അതിരൂപതയിൽപ്പെട്ട ഇടവകകളിൽ ഒന്നാണ് പൗരാണികമായ ഓച്ചന്തുരുത്ത്- കുരിശിങ്കൽ. കുരിശിങ്കൽ ഇടവകയിൽ വൈപ്പിശ്ശേരി തറവാട്ടിൽ 1831 ഓക്ടോബർ 15-ാം തിയതിയാണ് ഏലീശ്വാ ജനിച്ചത്. എട്ടു മക്കളിൽ മൂത്തവളായിരുന്നു.

സമൂഹം ഭ്രഷ്ട്കല്പിച്ചിരുന്ന താഴേക്കിടക്കാരോട് ഏലീശ്വാ ചെറുപ്പംമുതലേ സ്നേഹവും അനുകമ്പയും പ്രകടിപ്പിച്ചിരുന്നു. പരിശുദ്ധ കുർബാനയിൽ ഈശോയോടുള്ള സവിശേഷമായ സ്നേഹവും പരിശുദ്ധ കന്യകാ മറിയത്തോടുള്ള ഭക്തിയും, പാവങ്ങളോടുള്ള ആർദ്രമായ അനുകമ്പയും ബാല്യത്തിൽത്തന്നെ ഏലീശ്വായിൽ എല്ലാവരും ശ്രദ്ധിച്ച സവിശേഷതകളായിരുന്നു. വീട്ടിലെ പ്രാർത്ഥനാമുറിയിലുള്ള പരിശുദ്ധ അമ്മയുടെ ചിത്രം എല്ലാദിവസവും പൂക്കൾകൊണ്ട് അലങ്കരിക്കുന്നതിൽ അവൾ ബദ്ധശ്രദ്ധയായിരുന്നു. മറ്റുള്ളവരെ വിശിഷ്യാ, പാവങ്ങളായവരെ സഹായിക്കുന്നതിലും ഏലീശ്വ അതീവ തല്പരയായിരുന്നു.

### 2. കുടുംബിനിയായ ആത്മീയപുത്രി

കൂനമ്മാവിലെ വാകയിൽ വാത്തരുമായി 1847-ൽ ഏലീശ്വാ വിവാഹിതയായി. 1850 ഏപ്രിൽ 21-ന് അവൾ ഒരു പെൺകുഞ്ഞിന് ജന്മമേകി. കുഞ്ഞിന്റെ ജ്ഞാനസ്നാനകർമ്മം നടത്തപ്പെട്ടത് ഏലീശ്വായുടെ ഇടവകയായ ഓച്ചന്തുരുത്തെ കുരിശിങ്കൽ പള്ളിയിലായിരുന്നു. അവൾക്ക് അന്ന എന്നു പേരിട്ടു. എന്നാൽ കുഞ്ഞിന് ഒന്നര വയസ്സുമാത്രം പ്രായമുള്ളപ്പോൾ പിതാവ് വാത്തർ രോഗഗ്രസ്ഥനായി. 1851 കർക്കിടക മാസത്തിലെ ഒരു ബുധനാഴ്ച വാത്തർ ഇഹലോകവാസം വെടിഞ്ഞു. അന്ന് ഏലീശ്വായ്ക്ക് 20 വയസ്സായിരുന്നു, മകൾ അന്നയ്ക്ക് ഒന്നര വയസ്സും. ജീവിതദുരന്തത്തിൽ ദുഃഖാർത്ഥയായ ഏലീശ്വാ വേദനകളെല്ലാം ദൈവസന്നിധിയിൽ സമർപ്പിച്ചു. മറ്റൊരു വിവാഹത്തിനായി കുടുംബാംഗങ്ങൾ നിർബന്ധിച്ചെങ്കിലും അവൾ അതിന് വഴങ്ങിയില്ല. എല്ലാം ദൈവിക പദ്ധതിയായി സ്വീകരിച്ച്, തന്നെത്തന്നെ അവൾ കന്യകാനാഥയ്ക്കു കാഴ്ചവച്ചു.

### 3. വിളിയും കർമ്മലസിദ്ധിയും

വിധവയും യുവതിയുമായ ഏലീശ്വാ വാകയിൽ 1851 മുതൽ തറവാട്ടിലെ മാളികയിലുള്ള ഒരു മുറിയിൽ സ്വന്തം മകളോടൊത്ത് പ്രാർത്ഥനയിലും ധ്യാനത്തിലും ദിവ്യരക്ഷകനായ ക്രിസ്തുവിനെ നിരന്തരമായി പ്രാർത്ഥിച്ചു ജീവിക്കാൻ തുടങ്ങി. ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്കുള്ള അവളുടെ പടിപടിയായ വളർച്ചയുടെ ആദ്യഘട്ടമായിരുന്നു അത്. അവിടെവച്ചായിരിക്കണം ഏലീശ്വായ്ക്ക് പരിശുദ്ധാത്മാവിൽനിന്നും കർമ്മലീത്താ വിളിയും സിദ്ധിയും ലഭിച്ചത്. തീർച്ചയായും അവളുടെ സഹോദരനായ കർമ്മലീത്താ സന്ന്യാസി, ഫാദർ ലിയോയുടെ ജീവിതവും, അതുപോലെ അന്ന് വരാപ്പുഴയിലും കൂനമ്മാവിലും ഉണ്ടായിരുന്ന കർമ്മലീത്തരുടെ ജീവിതവും ഏലീശ്വായെ സ്വാധീനിച്ചു കാണും. തന്നിൽ വളർന്ന ആദ്ധ്യാത്മിക സിദ്ധയിൽ മെല്ലെ ജീവിതത്തെ സ്ഫുടംചെയ്ത അവൾ, ഏകാന്തതയിൽ പ്രാർത്ഥിച്ചിരുന്ന കർമ്മല സന്ന്യാസിമാരെ അനുകരിച്ചുകൊണ്ട് വീട്ടിലെ കളപ്പുരയിലുള്ള കൊച്ചുമുറി പ്രാർത്ഥനാമുറിയാക്കി രൂപപ്പെടുത്തി. തന്റെ മനസ്സിൽ വിരിഞ്ഞ സന്ന്യാസ ജീവിതത്തിന്റെ ആദ്യ വിത്ത് അവിടെ നാമ്പെടുക്കുകയായിരുന്നു.

### 4. സമർപ്പണപാതയിലെ ആദ്യപടികൾ

വിധവയായ ഏലീശ്വ ഒരിക്കൽ കൂനമ്മാവ് ആശ്രമത്തിൽചെന്ന് സുപ്പീരിയർ ലിയോപ്പോൾഡ് ബെക്കാരോ അച്ചനെ കണ്ട് തന്റെ മനസ്സിൽ അലയടിച്ചിരുന്ന സന്ന്യാസജീവിതത്തിന്റെ മോഹം വെളിപ്പെടുത്തി. വിവാഹിതയായിരുന്നെങ്കിലും, ഇപ്പോൾ വിധവയായ തന്നെ എന്തോ ഒരുകാര്യംകൂടി ചെയ്യുന്നതിന് ദൈവം വിളിക്കുന്നതായി ഏലീശ്വാ വൈദികനെ അറിയിച്ചു. 1862-മുതൽ വിവിധ അവസരങ്ങളിലും നാളുകളിലുമായി ലിയോപ്പോൾഡ് അച്ചനുമായി നടന്ന ആത്മീയ സംവാദങ്ങളിൽ അദ്ദേഹം ഏലീശ്വാമ്മയുടെ ഉള്ളറിഞ്ഞ്, അവളുടെ ഉദ്ദേശ്യശുദ്ധി ദൈവവിളിയായി തിരിച്ചറിഞ്ഞു. ഈ വിവരം അന്നത്തെ വരാപ്പുഴ വികാരിയത്തിന്റെ വികാർ അപ്പസ്തോലിക്ക് ആർച്ചുബിഷപ്പ് ബർണഡീൻ ബച്ചിനേല്ലി, ഒ.സി.ഡി.യെ അദ്ദേഹം അറിയിച്ചു. ഏലീശ്വായെ ഒരുനാൾ നേരിൽക്കണ്ട് വിവരങ്ങൾ ഗ്രഹിച്ച ബച്ചിനേല്ലി പിതാവ് ലിയോപ്പോൾഡ് ഒ.സി.ഡി. അച്ചനെ അവളുടെ അദ്ധ്യാത്മിക പിതാവായി നിയോഗിച്ചു. വരാപ്പുഴയിലെ പുത്തൻപള്ളി എന്ന സ്ഥലത്ത് ഒരു കർമ്മലീത്താ സന്ന്യാസിനീ സമൂഹം തുടങ്ങണമെന്ന് ബച്ചിനേല്ലിപ്പിതാവ് ഏറെ ആഗ്രഹിച്ച കാലഘട്ടമായിരുന്നു അത്. തന്റെ മനസ്സിലുണർന്ന ആഗ്രഹത്തോടും, അതിനായി നടത്തിയിട്ടുള്ള പരിശ്രമങ്ങളോടും ഏറെ പൊരുത്തപ്പെടുന്നതായിരുന്നു ഏലീശ്വാ എന്ന വ്യക്തിയിൽ കണ്ട ആത്മീയ ചൈതന്യത്തിന്റെ ഉൾവിളിയും പ്രേഷിത സന്നദ്ധതയുമെന്ന് ആർച്ചുബിഷപ്പ് ബച്ചിനേലി സാക്ഷപ്പെടുത്തുന്നു.

**5. കേരളത്തിലെ പ്രഥമ സന്ന്യാസിനിയും സന്ന്യാസസമൂഹവും**
കുടുംബ പശ്ചാത്തിലത്തിന്റെ നന്മയും വ്യക്തിഗത വിശുദ്ധിയും ആത്മീയ ചൈതന്യവും തിരിച്ചറിഞ്ഞ ബാച്ചിനേല്ലി പിതാവ് ഏലീശ്വായെയും, അവളുടെ മകൾ അന്നയെയും, സഹോദരി ട്രീസായെയും പരീക്ഷണാർത്ഥം ആത്മീയ സമൂഹമായി ജീവിക്കുവാൻ അനുവാദംനല്കി. അത് 1865-ലായിരുന്നു. തുടർന്ന് മെത്രാപ്പാലീത്താ തന്നെ ജനോവയിൽനിന്നും കർമ്മലീത്താ രണ്ടാം സഭയുടെ നിയമങ്ങൾ വരുത്തി കാലത്തിനും ദേശത്തിനും ഇണങ്ങുന്ന വിധത്തിൽ ക്രോഡീകരിച്ച് ഏലീശ്വായെ ഏല്പിച്ചു.

1866 ഫെബ്രുവരി 12-ന് സ്ത്രീകൾക്കായുള്ള കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭാസമൂഹത്തിന്റെ സ്ഥാപന ഡിക്രിയിൽ (*Documentum Erectionis* ബച്ചിനേല്ലി പിതാവ് ഒപ്പുവച്ചുകൊണ്ട് ഏലീശ്വാ, ത്രേസ്യാ, അന്ന എന്നി മൂന്നു സ്ത്രീകളെ കർമ്മലീത്താ സന്ന്യാസാർത്ഥിനികളായി പ്രഖ്യാപിച്ചു. അങ്ങനെ വരാപ്പുഴയുടെ വികാർ അപ്പസ്റ്റോലിക്ക്, ആർച്ചുബിഷപ്പ് ബർണാർഡീൻ ബച്ചിനേലി കേരളക്കരയിലെ പ്രഥമ സന്ന്യാസിനീ സമൂഹത്തിന്റെ വിത്തു പാകി. കൂനമ്മാവിലെ വാകയിൽ തറവാട്ടിൽനിന്നും പിതൃസ്വത്തിൽ ഓഹരിയായി ലഭിച്ച ചിത്രക്കവലയിലുള്ള 3 ഏക്കർ സ്ഥലത്ത് പനമ്പുകൊണ്ട് ഭിത്തികെട്ടിയും, ഓലമേഞ്ഞും ഉണ്ടാക്കിയ താല്ക്കാലികവും ലളിതവുമായ ഭവനത്തിൽ 1866 ഫെബ്രുവിരി 13-ന് ഏലീശ്വ, അന്ന, ട്രീസ എന്നിവർ സന്ന്യാസാർത്ഥികളായി പ്രവേശിച്ചു. അന്നുതന്നെ ഫാദർ ലിയോപ്പോൾഡിൽനിന്ന് കർമ്മലോത്തരീയം ഏറ്റുവാങ്ങുകയും, കേരളക്കരയിലെ പ്രഥമ തദ്ദേശിയ സന്ന്യാസ സമൂഹത്തിന്റെ പരിശീലനം ആരംഭിക്കുകയും ചെയ്തു.

**6. ഏലീശ്വാമ്മ സ്വപ്നംകണ്ട സ്ത്രീ വിദ്യാഭ്യാസം**
കൂനമ്മാവിൽ സ്ഥാപിക്കപ്പെട്ട ഈ പ്രഥമ തദ്ദേശിയ സന്ന്യാസിനി സമൂഹം സ്ത്രീ വിദ്യാഭ്യാസവും അതിലൂടെയുള്ള അവരുടെ ശാക്തീകരണവും സാമൂഹ്യ നവോത്ഥാനവുമാണ് ഉന്നംവച്ചത്. അങ്ങനെ കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യവും മതാത്മകവുമായ ജീവിതത്തിൽ പരിവർത്തനത്തിന്റെയും ആത്മീയ നവീകരണത്തിന്റെയും ഓളങ്ങൾ ഉയർത്തിയ ചരിത്ര സംഭവമായിരുന്നു കൂനമ്മാവിലെ ലളിതമായ സന്ന്യാസ സമൂഹ സ്ഥാപനം. മെല്ലെ ഇതര റീത്തുകളിൽപ്പെട്ട സ്ത്രീകൾക്കും ഈ സന്ന്യാസിനീ സമൂഹം സ്വാഗതമരുളി. അന്ന് കേരളത്തിൽ നിലവിലുള്ള സുറിയാനി, ലത്തീൻ റീത്തുകളിൽപ്പെട്ട സ്ത്രീകളുടെ സന്ന്യാസ ദൈവവിളികൾക്കുള്ള ആദ്യസ്ഥാപനവും ഏകസ്ഥാപനവുമായിരുന്നു കൂനമ്മാവിലെ കർമ്മലീത്തരുടെ പനമ്പുമഠം. ലളിതമായ ആ കന്യകാലയത്തിന്റെ ഉമ്മറത്തുനിന്നും ഏലീശ്വാ വാകയിൽ എന്ന സ്ത്രീരത്നം ആദ്യമായി വെട്ടിത്തെളിച്ച കേരളമണ്ണിലെ സ്ത്രീകൾക്കുള്ള സന്ന്യാസത്തിന്റെ പാത വികസിച്ച് ഭാരതത്തിന്റെ മാത്രമല്ല, ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലുമായി ഇന്നത് വിരഞ്ഞുനില്ക്കുന്നു.

**7. ഏലീശ്വാമ്മയുടെ ആത്മീയ–സാമൂഹ്യ ദർശനം**
1867 മാർച്ച 27-ന് കൂനമ്മാവിലെ പുതിയ മഠത്തിന്റെ ആശീർവ്വാദ ദിവസംതന്നെ എലീശ്വാ, ട്രീസ, അന്ന എന്നിവർ സഭാവസ്ത്രം സ്വീകരിച്ചു. 1866 ഫെബ്രുവരി 13-ന് സ്ഥാപിക്കപ്പെട്ട പ്രഥമ തദ്ദേശ സന്ന്യാസിനീ സഭയിലെ ആദ്യ അംഗങ്ങൾ മദർ ഏലീശ്വയോടൊപ്പം വ്രതവാഗ്ദാനം നടത്തിയത് 1868 ജൂലൈ 16, കർമ്മലനാഥയുടെ തിരുനാൾ ദിനത്തിലായിരുന്നു. കേരളസഭാ ചരിത്രത്തിലെ പ്രഥമ സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ പുണ്യമുഹൂർത്തമായിരുന്നു അത്. 1868 ജൂലൈ 20-ാം തിയതി ഏലിയാ പ്രവാചകന്റെ തിരുനാൾ ദിവസമാണ് ബെർണഡീൻ ബച്ചിനേല്ലി പിതാവ് സ്ത്രീവിദ്യാഭ്യാസം ബാഹ്യാപ്പസ്തോല പ്രവർത്തനമായി ഇവരെ ഭരമേല്പിച്ചത്. ചിട്ടയോടും ക്രമത്തോടും കൂടിയ വിദ്യാഭ്യാസം കേരളത്തിൽ പ്രചാരത്തിൽ ഇല്ലാതിരുന്ന കാലഘട്ടത്തിലും, സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന സമയത്തുമാണ് മദർ ഏലീശ്വാ പെൺകുട്ടികൾക്ക് സമഗ്രപരിശീലന പദ്ധതി വിഭാവനംചെയ്തുകൊണ്ട് സ്ത്രീ വിദ്യാഭ്യാസത്തിനു തുടക്കമിട്ടത്. കണക്ക്, സയൻസ്, ഭാഷാപഠനം, കൊന്തകെട്ട്, നൂലുനൂൽക്കൽ, തയ്യൽ, പ്രാർത്ഥന, മതബോധനം എന്നീ വിഷയങ്ങൾ മഠത്തോടു ചേർന്നുള്ള പള്ളിക്കൂടത്തിൽ ഭംഗിയായി അന്നാളിൽത്തന്നെ ക്രമീകരിച്ചിരുന്നതായി രേഖകൾ തെളിയിക്കുന്നു.

1868 ജനുവരി 2-ാം തിയതി അകലെനിന്നെത്തിയ പെൺകുട്ടികൾക്കായി വിശുദ്ധ അന്നയുടെ നാമധേയത്തിൽ മഠത്തിന്റെ വളപ്പിൽ ബോർഡിങ്ങ് മന്ദിരവും ഏലീശ്വാമ്മ പണികഴിപ്പിച്ചു. എട്ടിനും പതിനാറിനും വയസ്സിനിടയ്ക്ക് പ്രായമുള്ള പെൺകുട്ടികൾക്ക് അതിൽ പ്രവേശനം നല്കി. വിദ്യാഭ്യാസത്തിലൂടെ ആത്മീയതയും സാമൂഹ്യ നവോത്ഥാനവും സാധിക്കുമെന്ന് തുടക്കത്തിൽതന്നെ ആ സാത്ത്വിക മനസ്സിലാക്കിയിരുന്നു. മദറിന്റെ വികസന പദ്ധതികളിൽ സംപ്രീതനായ മെത്രാപ്പോലീത്ത ബച്ചിനേല്ലി പാവങ്ങളായ പെണ്കുട്ടികൾക്കുവേണ്ടി അനാഥശാലയും, പുതിയൊരു സ്ക്കൂൾ മന്ദിരവും കൂനമ്മാവിലെ മഠത്തിനു സമീപത്തുതന്നെ പണികഴിപ്പിച്ചു നല്കി.

**8. വിഭജനത്തിന്റെ വേദനയും പുനർജനിയും**
നീണ്ട 24 വർഷങ്ങൾക്കുശേഷം, വരാപ്പുഴ വികാരിയത്തിൽനിന്നും സുറിയാനി റീത്തിൽപ്പെട്ടവരെ തൃശ്ശൂർ, കോട്ടയം വികാരിയത്തുകളിലേയ്ക്ക് മാറ്റിയതിനെ തുടർന്നുണ്ടായ റീത്തുചേരിയുടെ അലയടികൾ കൂനമ്മാവിലെ കൊച്ചുമഠത്തിലും അനുഭവവേദ്യമായി. ആൾബലത്തിൽ കൂടുതലായിരുന്ന

സുറിയാനി സഹോദരികൾക്ക് പിൻബലമായി 1890 സെപ്റ്റംബർ 17-ന് കൂനമ്മാവിലെ മഠവും അതിനോടു ബന്ധപ്പെട്ട സ്കൂളും ബോർഡിങ്ങും അനാഥമന്ദിരവുമൊക്കെ, വത്തിക്കാനിൽനിന്നുള്ള തീരുമാനപ്രകാരം തൃശ്ശൂർ വികാരി അപ്പസ്തോലിക്കിന് വിട്ടുകൊടുക്കേണ്ടി വന്നു. തുടർന്ന് മദർ ഏലീശ്വായും ലത്തീൻകാരായ സഹോദരികളും കൂനമ്മാവ് മഠത്തിൽനിന്നും ഒഴിഞ്ഞപോകേണ്ടി വന്ന വിഭജനത്തിന്റെ വേദിനക്കുന്ന സംഭവത്തിന് ചരിത്രം സാക്ഷിയായി.

വരാപ്പുഴ വികാരിയത്തിന്റെയും അവിടത്തെ കർമ്മലീത്തരുടെയും സഹായത്തോടെ താത്ക്കാലികമായി ഏറണാകുളത്ത് (ഇന്നത്തെ സെന്റ് തെരീസാസ് കോളെജിൽ) ഏതാനു ദിവസങ്ങൾ താമസിച്ച എലീശ്വാമ്മയുടെ സമൂഹം 1890 നവംമ്പർ 10-ന് വരാപ്പുഴ ദ്വീപിൽ പണിതീർത്ത മഠത്തിൽ പുനരാരംഭിച്ചത് കേരള സഭാ ചരിത്രത്തിൽ പുതിയൊരദ്ധ്യായമായി. എല്ലാം നവമായി തുടങ്ങേണ്ടി വന്നെങ്കിലും ദൈവപരിപാലനയുടെ ധാരാളിത്തം ഒന്നിനു പിറകെ ഒന്നായി കാണുവാനും അനുഭവിക്കുവാനും ഏലീശ്വാമ്മയ്ക്കും സമൂഹത്തിനും ഭാഗ്യമുണ്ടായി. പിന്നീട് എറണാകുളത്തെ ചാത്യാത്തും, ആലുവായിലും അന്നാളുകളിൽതന്നെ തുടങ്ങിയ സഭാ സമൂഹങ്ങൾ പ്രേഷിതലക്ഷ്യമായ സ്ത്രീകളുടെ വിദ്യാഭ്യാസം, അഗതികളുടെ പരിചരണം, അജപാലനശുശ്രൂഷ എന്നിവ മുന്നിൽ കണ്ടുകൊണ്ടായിരുന്നവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

**9. അന്ത്യനാളുകളും സഭാ പിറവിയും**

പെരിയാറിന്റെ തീരത്തു വിരഞ്ഞ കർമ്മലനാഥയുടെ പുണ്യസൂനം, മദർ ഏലീശ്വാ 1913 ജൂലൈ 18-ന് 82-മത്തെ വയസ്സിൽ ഈ ഭൂമിയിൽനിന്നും പൊഴിഞ്ഞുപോയി. ആ അമ്മയുടെ പ്രേഷിതധീരതയും ആത്മീയചൈതന്യവും ഏറ്റുവാങ്ങി അന്നുതന്നെ നൂറിലേറെ കർമ്മലമക്കൾ അന്തിമോപചാരശുശ്രൂഷയിൽ വികാരനിർഭരരായി പങ്കുചേർന്നു. ദൈവദാസി ഏലീശ്വാമ്മ വരാപ്പുഴയിൽ പുനരാരംഭിച്ച സന്ന്യാസിനീ സമൂഹം വളർന്ന് *Congregation of Teresian Carmelites* സി.റ്റി.സി, എന്ന പ്രഥമ തദ്ദേശിയ സന്ന്യാസസഭ രൂപമെടുത്തു. സഭയുടെ വരാപ്പുഴ ചെറുദ്വീപിലെ മാതൃസ്ഥാപനത്തിൽ അമ്മയുടെ ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന സ്മൃതിമണ്ഡപം സ്ഥിതിചെയ്യുന്നു.

കേരളചരിത്രത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന്റെയും അവരുടെ സമഗ്ര ശാക്തീകരണത്തിന്റെയും ആത്മീയചൈതന്യമായി ഏലീശ്വാമ്മ നൂറുകണക്കിന് ആത്മീയ പുത്രിമാരിലൂടെ ഇന്നും ജീവിക്കുന്നു. തന്റെ മുന്നിൽ സമർപ്പണ ജീവിതത്തിന് മാതൃകയായി കേരളക്കരയിൽ ആരുമില്ലാതിരുന്നൊരു കാലഘട്ടത്തിൽ ദൈവത്താൽ പ്രേരിതയായി തദ്ദേശ സന്ന്യസാരൂപിക്കും ജീവിത ശൈലിക്കും തനതും നവവുമായ പാന്ഥാവു വെട്ടിത്തെളിച്ച പുണ്യാത്മാവും പരിത്യാഗിനിയുമാണ് ദൈവദാസി ഏലീശ്വാമ്മ. പരിശുദ്ധ ദിവ്യകാരുണ്യത്തോടും കർമ്മലനാഥയോടുമുള്ള അളവറ്റ ഭക്തിതീക്ഷ്ണതയും പാവങ്ങളായവരോട് അതിരറ്റ കാരുണ്യവും പങ്കുവച്ച് തന്റെ സഹോദരിമാർക്കൊപ്പം ഈ ലോകത്തു ജീവിച്ചുകൊണ്ട് വിശുദ്ധിയുടെ വെള്ളപ്പൂക്കൾ വിരിയിച്ച ഏലീശ്വാമ്മ ഏവർക്കും ആത്മീയ അമ്മയാണ്.

*Text of the Vatican Radio programme prepared fr. William Nellikal,*
*on the occasion of the death centenary of Mother Eliswa, broadcast date: 18 July 2013*